**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3577 — 20.06.2018 ൽ മറുപടിക്ക്

# നേര്യമംഗലം പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്താൻ നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | 26.02.2009 ലെ സ.ഉ.(എം.എസ്) നം.53/09/ആ.ക.വ. പ്രകാരം നേര്യമംഗലം പി.എച്ച്.സി.യെ സി.എച്ച്.സി ആയി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ഇടുക്കി ജില്ലയുടെ അതിർത്തിയും നിരവധി ആദിവാസികൾ അടക്കമുള്ള സാധാരണ ജനവിഭാഗങ്ങൾ കൂടുതൽ ആശ്രയിക്കുന്ന നേര്യമംഗലം പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇവിടെ കിടത്തിചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരെഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ സാഹചര്യത്തിൽ പ്രത്യേകമായി കിടത്തി ചികിത്സ സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആർദ്രം പദ്ധതി പൂർണതോതിൽ നടപ്പാക്കപ്പെടുമ്പോൾ നേര്യമംഗലം പി.എച്ച്.സി. ഇപ്പോൾ നേരിടുന്ന കുറവുകൾ പരിഹരിക്കാൻ കഴിയുന്നതാണ്. |
| (ഡി) | എന്നത്തേയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?? | | |

സെക്ഷൻ ഓഫീസർ